# കേരള സർവകലാശാല

നം. പി.ആർ.115/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്‌സി ഇന്നത്തെ പരീക്ഷ മാറ്റി

കേരള സർവകലാശാല ഇന്ന് (01.07.2016) നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എസ്‌സി (സി.ബി.സി.എസ്) മാത്തമാറ്റിക്സ് മെയിൻ, സ്റ്റാറ്റിസ്റ്റിക്സ് മെയിൻ എന്നിവയുടെ കോംപ്ലിമെന്ററി വിഷയമായ PY 1431.1/1431.3 മോഡേൺ ഫിസിക്സ് ആൻഡ് ഇലക്ട്രോണിക്സ് ജൂലൈ നാലിന് നടത്തും.

### ബി.എസ്‌സി മേഴ്സി ചാൻസ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ജൂലൈ എട്ടിന് തുടങ്ങുന്ന ബി.എസ്‌സി (ആന്വൽ സ്കീം - പാർട്ട് മൂന്ന് - സബ്സിഡിയറി) വിഷയങ്ങൾക്കുള്ള മേഴ്സി ചാൻസ് പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവ. വിമൻസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ തിരുവനന്തപുരം ഗവ. ആർട്സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

വർക്കല എസ്.എൻ കോളേജ്, കായംകുളം എം.എസ്.എം കോളേജ്, നിലമേൽ എൻ.എസ്.എസ് കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്, കൊല്ലം എസ്.എൻ കോളേജ് ഫോർ വിമൻ, പന്തളം എൻ.എസ്.എസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ചേർത്തല എസ്.എൻ കോളേജ്, നങ്ങ്യാർകുളങ്ങര ടി.കെ.എം.എം കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ ആലപ്പുഴ എസ്.ഡി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### പി.ജി.ഡി.ഇ.സി പ്രവേശനപ്പരീക്ഷ

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (2016-17) പ്രവേശനപ്പരീക്ഷ ജൂലൈ അഞ്ച് രാവിലെ 10 മണിക്ക് നടത്തും. ഹാൾടിക്കറ്റ് ലഭിക്കാത്തവർ ജൂലൈ രണ്ടിനകം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0471-2386325.

### പ്രിൻസിപ്പൽമാർക്ക് യു.ജി.സി നിർദേശം നൽകി.

യു.ജി.സി- എഫ്.ഡി.പി- എം.ഫിൽ/ പി.എച്ച്.ഡി- തീസിസ് സമർപ്പിച്ച തായുള്ള രേഖയും, കണ്ടിജൻസി ഗ്രാന്റിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, യു.ജി.സി. നിയമത്തിന്റെ സമയ പരിധി കഴിഞ്ഞിട്ടും സമർപ്പിക്കാത്ത എഫ്.ഡി.പി കഴിഞ്ഞ കോളേജ് അദ്ധ്യാപകർ സബ്സ്റ്റിറ്റ്യൂട്ട് വേതനവും കണ്ടിജൻസി ഗ്രാന്റും മുഴുവനായി പത്ത് ശതമാനം പലിശയോട് കൂടി യു.ജി.സി ബംഗളുരു ഓഫീസിലേയ്ക്ക് തിരിച്ചടയ്ക്കാനായി കേരള സർവകലാശാല

യുടെ കീഴിലുള്ള പ്രിൻസിപ്പൽമാർക്ക് യു.ജി.സി നിർദേശം നൽകി. റീ-ഫണ്ട് അപേക്ഷ www.ugc.ac.in/swro അനൗൺസ്മെന്റ്സ് എന്ന ലിങ്കിൽ ലഭ്യമാണ്.

## ബി.എ/ബി.എസ് സി/ബി.സി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.സി.എ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (2013 അഡ്മിഷൻ, 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനീയറിംഗ് കോളേജിൽ ജൂലൈ 11-ന് തുടങ്ങുന്ന കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (റഗുലർ - 2015 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.എച്ച്.ഡി രജിസ്ട്രേഷൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഫുൾടൈം/പാർട്ട് ടൈം പി.എച്ച്.ഡി (ജൂലൈ 2016 സെഷൻ) രജിസ്ട്രേഷന് ഓൺലൈൻ വഴി അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂലൈ 15 വൈകുന്നേരം അഞ്ച് മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ റിസർച്ച് പോർട്ടിലിൽ (www.research.keralauniversity.ac.in) ലഭിക്കും.

## ലക്ചറർ ഒഴിവ്

കേരള സർവകലാശാല പുനലൂർ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ എട്ട് വൈകുന്നേരം അഞ്ച് മണിവരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

*(അടിക്കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## വിമൻസ് ഹോസ്റ്റൽ പ്രവേശനം : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ കീഴിലെ തൈക്കാട് യൂണിവേഴ്സിറ്റി വിമൻസ് ഹോസ്റ്റൽ പ്രവേശനത്തിന് ഗവ. കോളേജ് ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷഫോറം തൈക്കാട് വിമൻസ് ഹോസ്റ്റലിൽ ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ എട്ട്. പ്രൊവിഷണൽ ലിസ്റ്റ് ജൂലൈ 21-ന് പ്രസിദ്ധീകരിക്കും. അന്തിമപട്ടിക ജൂലൈ 23-ന് പ്രസിദ്ധീകരിക്കും. ജൂലൈ 28-ന് പ്രവേശനം നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
30.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098